DESPATCHED On. 26/2/2020

1/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 444(7)/2014**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **2338**/എസ്.ഐ.സി–ജി 6/14)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ജി.ഗോപിനാഥൻ,
കൺവീനർ, പരിസര വിഷയസമിതി,
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്,
എ.കെ.ജി.റോഡ്, ഇടപ്പള്ളി,
പിൻ – 682024.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കൊച്ചിൻ കോർപ്പറേഷൻ,
കൊച്ചി – 682 011.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി സെക്രട്ടറി,
കൊച്ചിൻ കോർപ്പറേഷൻ,
കൊച്ചി – 682 011.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 31.08.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.09.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.10.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 01.11.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.02.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 18.02.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.10.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3)വകുപ്പുപ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ജി.ഗോപിനാഥൻ, 10.02.2014ന്

സമർപ്പിച്ച അപ്പീൽ ഹർജി 18.02.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.444(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് വിവരങ്ങൾ നൽകാനാകില്ലെന്നും ഓഫീസിൽ നേരിട്ട് ഹാജരായി രേഖകൾ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാനാണ് ആവശ്യപ്പെട്ടിരുന്നതെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും അപ്പീൽ അധികാരി ഇതേ മറുപടിയാണ് നൽകിയതെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 31.08.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കൊച്ചിൻ കോർപ്പറേഷൻ അതിർത്തിയ്ക്കുള്ളിലുള്ള വീടുകൾ, ഫ്ളാറ്റുകൾ എന്നിവയെ സംബന്ധിച്ച് 2013 മാർച്ച് 31 അടിസ്ഥാനത്തിൽ കോർപ്പറേഷനിലെ താമസക്കാരായ ആകെ കുടുംബങ്ങൾ എത്രയെന്നും നിലവിലുള്ള വീടുകൾ, ഫ്ളാറ്റുകൾ, അവയിലെ അപ്പാർട്ട്മെന്റുകൾ എന്നിവയുടെ എണ്ണമെത്രയെന്നും തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 24.09.2013ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3 എന്നീ ഇനങ്ങൾ റവന്യൂ വിഭാഗവുമായി ബന്ധപ്പെട്ടതിനാൽ മറുപടി നൽകുന്നതിനായി പ്രസ്തുത ഓഫീസിലേയ്ക്ക് ടിയാന്റെ അപേക്ഷ കൈമാറിയതായി കാണുന്നുവെന്നും 4, 5 എന്നീ ഇനങ്ങളായുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഓഫീസിൽ ഹാജരായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാവുന്നതാണെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ ആക്ഷേപമുന്നയിച്ച് 08.10.2013ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 01.11.2013ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ റവന്യൂ വിഭാഗവുമായി ബന്ധപ്പെട്ടവയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും മറ്റിനങ്ങൾക്ക് ടിയാൻ ആവശ്യപ്പെട്ട വിധത്തിൽ തരംതിരിച്ച് തയ്യാറാക്കി ക്രോഡീകരിച്ച് നൽകുന്നത് ടി ഓഫീസിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ നിലവിലുള്ള എല്ലാ ഡിവിഷനുകളിലെയും അസസ്മെന്റ് രജിസ്റ്ററുകൾ ഓഫീസ് പ്രവർത്തി സമയങ്ങളിൽ പരിശോധിച്ച് ആവശ്യമായ രേഖകളുടെ പകർപ്പുകൾ ഫീസ് ഈടാക്കി നൽകുന്നതിനും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ച തിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന് സമയബന്ധിതമയ മറുപടി നൽകിയിട്ടുണ്ടെന്നും കൊച്ചി നഗരസഭ യിൽ 74 ഡിവിഷനുകളിൽ 10 ഡിവിഷനുകളാണ് മട്ടാഞ്ചേരി മേഖല ഓഫീ സിന്റെ പരിധിയിലുള്ളതെന്നും ടി ഡിവിഷനുകളിലെ അസസ്സ്മെന്റ് രജിസ്റ്ററുകൾ പ്രകാരം പാർപ്പിടാവശ്യത്തിന് 23174 നമ്പർ കെട്ടിടങ്ങളും വ്യാപാരാവശ്യത്തിന് 6468 നമ്പർ കെട്ടിടങ്ങളുമാണ് നിലവിലുള്ളതെന്നും കൂടാതെ 22 ഫ്ളാറ്റുകളി ലായി വളരെയധികം വാസഗൃഹങ്ങളുമുണ്ടെന്നും ഓഫീസ് പ്രവർത്തി സമയത്ത് ടി വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുക അസാദ്ധ്യമാണെന്നും ആയതിനാ ലാണ് ടിയാനോട് രേഖകൾ പരിശോധിച്ച് ആവശ്യമായ രേഖകൾ ശേഖരിക്കാൻ ആവശ്യപ്പെട്ടതെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 01–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Gc/